പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1521

15.02.2016-ൽ മറുപടിക്ക്

## തലസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തലസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കാൻ കോർപ്പറേഷൻ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിച്ചിട്ടുണ്ട് ; | (എ) തിരുവനന്തപുരം നഗരസഭ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതിയായ ഉറവിടത്തിൽ മാലിന്യ സംസ്ക്കരണമാണ് നടപ്പിലാക്കി വരുന്നത്. ഇതിലേക്കായി പൊതു സംവിധാനമെന്ന നിലയിൽ 200 യൂണിറ്റ് തുമ്പൂർ മൂഴി മാതൃകയിലുള്ള എയ്റോബിക് ബിന്നുകൾ, 50 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, 3 ഓർഗാനിക് വേസ്റ്റ് കൺവെർട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകളുടെ നിർമ്മാണാവശ്യത്തിനായി സർക്കാർ ഈ കാലയളവിൽ എന്തു തുക നൽകിയിട്ടുണ്ട് ; | (ബി) കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് സർക്കാർ സ്ഥാപനങ്ങൾക്ക് സർക്കാർ ശുചിത്വ മിഷൻ വഴി താഴെപ്പറയുന്ന സബ്സിഡി നഗരസഭ മുഖേന നൽകിയിട്ടുണ്ട്.<br>1. State Information Commission – Rs. 6250/-<br>2. State Planning Board - Rs. 6000/-<br>3. IMG Thiruvananthapuram - Rs. 60,000/-<br>ആകെ 72,250/- രൂപ നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ നഗരമാലിന്യം മുഴുവൻ സംസ്ക്കരിക്കുന്നതിനായി സൗകര്യം കോർപ്പറേഷൻ പരിധിയിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ? | (സി) ലഭ്യമല്ല |

സെക്ഷൻ ഓഫീസർ